പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5260 06.02.2014 -ൽ മറുപടിക്ക്

## ആറ്റിങ്ങൽ/കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിറുത്തലാക്കിയ ഷെഡ്യൂളുകൾ

**ചോദ്യം**

ശ്രീ. ബി. സത്യൻ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2013 ജനുവരി ഒന്ന് മുതൽ ഇതു വരെ ആറ്റിങ്ങൽ/കിളിമാനൂർ കെ. എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും ഏതെല്ലാം ഷെഡ്യൂളുകൾ നിറുത്തലാക്കിയിട്ടുണ്ടെന്നും, എത്ര ഷെഡ്യൂളുകൾ പുതിയതായി ആരം ഭിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ ; | (എ) | ആറ്റിങ്ങൽ, കിളിമാനൂർ യൂണിറ്റുകളിൽ നിന്നും നടത്തിയിരുന്ന 2 വീതം രാജധാനി റിംഗ് റോഡ് സർവ്വീസുകൾ വരുമാനക്കുറവ് മൂലം താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. ആറ്റിങ്ങൽ യൂണിറ്റിൽ നിന്നും 07.00 മണി നിലമേൽ ഓർഡിനറി സർവ്വീസ് (കല്ലമ്പലം - പോങ്ങനാട് - മലയ്ക്കൽ വഴി) പുതുതായി ആരംഭിച്ചി ട്ടുണ്ട്. കിളിമാനൂരിൽ നിന്നും പുതിയ ഷെ ഡ്യൂളുകളൊന്നും തന്നെ ആരംഭിച്ചിട്ടില്ല. |
| (ബി) | ഷെഡ്യൂളുകൾ കൂട്ടത്തോടെ നിർ ത്തലാക്കുന്നത് പിന്നോക്കമേഖല യായ ആറ്റിങ്ങലിലേയും കിളിമാനൂ രിലേയും യാത്രക്കാരെ ഏറെ ബുദ്ധിമുട്ടിലാക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | നിറുത്തലാക്കിയ ഷെഡ്യൂളുകൾ പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ ? | (സി) | വരുമാനക്കുറവ് മൂലം നിർത്തിവച്ച സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ